

# അക്ഷരദീപം

## സെന്റ് മേരീസ് എച്ച് എസ് എസ് വിഴിഞ്ഞം

## 2024-2025

# ആമുഖം

സെന്റ് മേരിസ് എച്ച്എസ്എസ് വിഴിഞ്ഞം സ്കൂൾ വിദ്യാർത്ഥികളുടെ സർവ്വതോൻമുഖമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുവാൻ പരിശ്രമിക്കുന്ന ഒരു വിദ്യാലയമാണ്. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ വളരെ മികവാർന്ന രീതിയിൽ തന്നെ നടത്തിവരുന്നു .ഈ സ്കൂളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂളിലെ പ്രവർത്തനങ്ങളും വിദ്യാർഥികളുടെ കഥ, കവിത, അനുഭവക്കുറിപ്പുകൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ട്
2023-26 ബാച്ചിലെ വിദ്യാർത്ഥികളായ ഞങ്ങൾ ഈ വർഷത്തെ സ്കൂൾഡിജിറ്റൽ മാഗസിൻ ”അക്ഷരദീപം ” എന്ന പേരിൽ പ്രസിദ്ധീകരിക്കുന്നു.

ലിറ്റിൽ കൈറ്റ്സ്
2023-2026 ബാച്ച്

# സന്ദേശം

പ്രിയ വിദ്യാർത്ഥികളെ,

നിങ്ങളുടെ സർഗ്ഗവാസനയ്ക്ക് സ്വതന്ത്രമായി പറക്കാൻ ലഭിച്ച ഒരു വേദിയാണ് നമ്മുടെ 'അക്ഷരദീപം 'മാസിക. നിങ്ങളുടെ ചിന്തകളും സ്വപ്നങ്ങളും അനുഭവങ്ങളും ഭാഷയുടെ ശക്തിയിലൂടെ പങ്കു വയ്ക്കാൻ നിങ്ങൾക്ക് ലഭിച്ച ഒരിടം . സമർപ്പണവും സത്യസന്ധതയും ചേർത്ത് തയ്യാറാക്കിയ ലേഖനങ്ങളും കവിതയും ലിറ്റിൽ കൈറ്റ് വിദ്യാർത്ഥികൾ ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കിയ ഈ മാസികയെ കൂടുതൽ മനോഹരമാക്കട്ടെ.

സ്നേഹത്തോടെ,<br>
ഹെഡ്മിസ്ട്രസ്<br>
സുനി. റ്റി

# ഉള്ളടക്കം


SCHOOL MEMORIES........................5

പ്രകൃതിയുടെ ശോഭ........................6

പ്രകൃതി........................6

അമ്മ എന്ന രണ്ടക്ഷരം........................7

എന്റെ അവധിക്കാല അനുഭവങ്ങൾ........................7

പറക്കാൻ കൊതിക്കും പൈങ്കിളി........................8

ഹൃദയം തുറന്ന് ആകാശം........................9

സാധുവും കുറുനരിയും........................10

SUCCESS........................11

MISTERY........................11

MY WORLD........................12

इंतज़ार का फल मीठा होता है।........................13

प्रकृति का उपहार........................14

प्रकृति का गीत........................14

गर्मी के दिन आते है........................14

# കവിത

## പ്രകൃതിയുടെ ശോഭ

പ്രകൃതിയുടെ ഭംഗിയെ അളക്കാൻ
വാക്കുകൾ പോരാ
വസന്തകാലത്ത് വിശാലമായി
ചിറകടിച്ചു പറക്കുന്ന പൂമ്പാറ്റകൾ
പെരുമഴക്കപ്പുറം സമാധാനത്തിന്റെ ചിഹ്നമായി
കണ്ണുകളെ മയക്കുന്ന മഴവിൽ
മരങ്ങളെ കെട്ടിപ്പുണരുന്ന ഇളംകാറ്റ്
മൂളുന്ന കഥകൾ കേട്ടിരിക്കാൻ മതിയാകുമോ
പ്രപഞ്ചത്തെ മൂടിയിരിക്കും വിരിഞ്ഞ ആകാശം
ഭൂമിയെ പുണർന്നിരിക്കുന്ന പച്ച പുല്ലുകളെ
കാണാൻ എന്തൊരു ശോഭ!
മനോഹരമായ ചിലച്ചുകൊണ്ട് ഒഴുകുന്ന
നീല പുഴകൾക്കുള്ളിലും വെളിയിലും
തുള്ളി കളിക്കുന്ന മീനുകൾ പാടും പാട്ട്
മഴക്കാലത്ത് ഭൂമിയെ കെട്ടിപ്പുണരുന്ന മഴത്തുള്ളികൾ
വിശാലമായി ആടിക്കളിക്കുന്ന വൃക്ഷങ്ങൾ
താളമിടും

പ്രകൃതിയുടെ ശോഭയെ വർണ്ണിക്കാൻ
വാക്കുകൾ പോരാ

ASWIN R
7C

## പ്രകൃതി

ഇരുളിൽ മറനീക്കി ഉഷസുണരുമ്പോൾ
നമ്മിൽ ഉണരുന്നുപൊൻപുലരി

ഓരോ പുലരിയും പുതുപുതു ഓർമ്മകൾ
പ്രതീക്ഷകൾ നൽകിടുന്നു

ഓരോ പ്രകൃതിയും ഓരോ വസന്തമായി മാറിടും
ഓരോ വസന്തവും പുതുപുത്തൻ കാഴ്ചകൾ നൽകുന്നു

ഇത്രയും സുന്ദരമായ കാഴ്ച നൽകിയ എൻ
അമ്മയായ പ്രകൃതിക്ക് ഞാൻ നന്ദി പറയുന്നു

ഹന്ന എം
7C

# അമ്മ എന്ന രണ്ടക്ഷരം

അമ്മ എന്ന രണ്ടക്ഷരം
എൻ ചുണ്ടിൽ തേൻ തുള്ളിയായ്
ആദ്യം മൊഴിഞ്ഞതും ഈ വാക്കേ ......
ആദ്യം നുകർന്നതും ഈ വാക്കേ .......

ആദ്യപാഠം പകർന്നതും നീയേ
ആദ്യ സ്നേഹം പകർന്നതും നീയേ
എൻ വീഴ്ചയിൽ താങ്ങായവൾ നീ....
എൻ വളർച്ചയിൽ തണലായവൾ നീ.....
നിൻ കരുതലിന്റെ കരങ്ങളാൽ
എന്നെ തഴുകുമ്പോൾ
എൻ നെഞ്ചം വിതുമ്പും
നീ എന്നും എൻ അരികിൽ ഉണ്ടായിരുന്നുവെങ്കിൽ ....

എന്നെ കാറ്റായ് തഴുകുന്നവൾ നീയേ .....
എന്നെ കടലായി പുണരുന്നവൾ നീയേ ....
ഞാൻ മൊഴിയാൻ വിതുമ്പും രണ്ടക്ഷരം
എൻ "അമ്മ "എന്ന രണ്ടക്ഷരം

ദർശന ഡി

## എന്റെ അവധിക്കാല അനുഭവങ്ങൾ

ചുട്ടുപൊള്ളുന്ന വെയിൽ ദിനത്തിലായിരുന്നു ഇത്തവണത്തെ എന്റെ സ്കൂൾ അവധിക്കാലം ആരംഭിച്ചിരുന്നത്. വാർഷിക പരീക്ഷ അവസാനിച്ച് അവധിക്കാലം ആരംഭിച്ചപ്പോൾ വളരെ സന്തോഷമായിരുന്നു. അതിന് പുറമേ സുഹൃത്തുക്കളെ വേർപിരിയുന്ന വിഷമമായിരുന്നു എനിക്ക്.സ്കൂൾ ഇല്ലാത്തതിനാൽ പതിവിലും വൈകിയാണ് രാവിലെ ഞാൻ എഴുന്നേൽക്കുന്നത്. വേനലിന്റെ കാഠിന്യമേറിയ ചൂടിൽ നിന്ന് ഒരു ആശ്വാസമാകാൻ അമ്മ എനിക്ക് പല വിഭവങ്ങളും ഉണ്ടാക്കി തരാറുണ്ട്.അവധി ദിവസങ്ങളിൽ വൈകുന്നേരം ആകുമ്പോഴേക്കും ഞാൻ എന്റെ കൂട്ടുകാരുമൊത്ത് കളിച്ച് എന്റെ വേനല വധിക്കാലം ആഘോഷമാക്കി.

കുറച്ച് നാൾ ഞാൻ എന്റെ അമ്മൂമ്മയുടെ വീട്ടിൽ താമസിക്കാൻ പോയിരുന്നു. അവിടം സുന്ദരമായ തിരമാലകൾ അലതല്ലുന്ന തീരപ്രദേശമായിരുന്നു. വിശാലമായ കടൽപ്പുറവും നിരത്തിവെച്ച ചെറുവള്ളങ്ങളും എനിക്ക് കാണാകാഴ്ചകൾ ആയിരുന്നു. അവധിക്കാലങ്ങളിൽ ആഘോഷമായി വന്ന വിഷുവും ഈസ്റ്ററും പെരുന്നാളും എല്ലാം ഞങ്ങൾ സന്തോഷപൂർവ്വം ആഘോഷിച്ചു .ആ ദിവസങ്ങളാണ് എനിക്ക് ഏറ്റവും കൂടുതൽ ഇഷ്ടമായത്. രണ്ടുമാസത്തിനിടയിൽ വിരളമായ ദിവസങ്ങളിൽ മാത്രമേ മഴ ഉണ്ടായിരുന്നുള്ളൂ .അതിനാൽ അധികദിന ദിവസങ്ങളിലും ചുട്ടുപൊള്ളുന്ന ചൂടുള്ള കാലാവസ്ഥയായിരുന്നു അനുഭവപ്പെട്ടിരുന്നത്. ഈ വേനൽ അവധിക്കാലം എനിക്ക് മറക്കാൻ പറ്റാത്ത ഒരു അനുഭവമായിരുന്നു.

ഹന്ന എം
7C

കഥ

# പറക്കാൻ കൊതിക്കും പൈങ്കിളി

രാവിലെ ഉണർന്നു നോക്കുമ്പോഴാണ് ആ കാഴ്ച കണ്ടത് എന്താണെന്നോ ... എന്റെ വീട്ടുമുറ്റത്ത് അതാ ഒരു കുഞ്ഞു പൈങ്കിളി പറക്കുവാൻ കഴിയാതെ ചിറകടിച്ചു കരയുന്നു. ഞാൻ പുറത്തേക്കിറങ്ങി അതിനെ നോക്കി. ഞാൻ എന്റെ അമ്മയോട് ഈ കാര്യം പറഞ്ഞു.എന്റെ അമ്മ അതിനെ എടുത്തു മാറ്റാൻ എന്നോട് പറഞ്ഞു. പക്ഷേ ഞാൻ അതിന്റെ അടുത്ത് പോയപ്പോൾ അത് കൂടുതൽ ഉച്ചത്തിൽ കരഞ്ഞു. അതിനെ ഞാൻ കയ്യിലെടുത്തു. അതിന്റെ ചിറകിൽ ഒരു മുള്ള് ഉണ്ടായിരുന്നു. ഞാൻ അതിനെ പതിയെ തലോടി പിന്നെ ഞാൻ അതിനെ ഒരു കാർബോർഡ് പെട്ടിയിൽ മാറ്റി. കുറച്ച് ധാന്യങ്ങൾ അതിന് നൽകി.എന്നാൽ ആ കിളി അത് ഭക്ഷിച്ചില്ല. ഞാൻ ആ കിളിയെ കയ്യിൽ എടുത്ത് അമ്മയ്ക്ക് കാണിച്ചുകൊടുത്തു. എന്റെ അമ്മ കിളിയുടെ ചിറകിൽ പിടിച്ച് മുള്ളെടുക്കാൻ ശ്രമിച്ചു. എന്നാൽ അത് ഉച്ചത്തിൽ കരഞ്ഞു പിന്നെ ഞാനും അമ്മയും ചേർന്ന് പതിയെ ആ മുള്ള് എടുത്തു മാറ്റി.പിന്നെ ഞാൻ അതിനെ കൂട്ടിലേക്ക് മാറ്റി.ഞാൻ കൊടുത്ത ധാന്യങ്ങൾ ഭക്ഷിക്കുകയും വെള്ളം കുടിക്കുകയും ചെയ്തു.

പിറ്റേദിവസം രാവിലെ ഞാൻ അതിനെ നോക്കി .അത് കൂടിന്റെ ഒരു അറ്റത്തിരിക്കുന്നു. ഞാൻ അതിനെ പുറത്ത് എടുത്ത് പറപ്പിക്കാൻ ശ്രമിച്ചു എന്നാൽ അത് താഴെ വീഴുകയായിരുന്നു വീണ്ടും വീണ്ടും ശ്രമിച്ചു എന്നാൽ അത് പിന്നെയും പിന്നെയും താഴെ വീണു. അങ്ങനെയിരിക്കെ ഒരു ദിവസം ഞാൻ സ്കൂൾ കഴിഞ്ഞു വരുന്ന സമയം ആ കിളി പറന്ന് ഞങ്ങളുടെ മാവിൻ കൊമ്പിലിരിക്കുന്നു. എന്നാൽ അത് ശബ്ദം പുറപ്പെടുവിച്ചു ആരെയോ അന്വേഷിക്കുകയായിരുന്നു.ഞാൻ എന്റെ അമ്മയോട് ചോദിച്ചു ആരെയാണ് അമ്മയെ ആ കിളി അന്വേഷിക്കുന്നത് എന്റെ അമ്മ എന്നോട് പറഞ്ഞു.നിനക്ക് നിന്റെ അമ്മയെ കാണാതിരിക്കാൻ പറ്റില്ലല്ലോ അതുപോലെ തന്നെയാണ് അതും. ഇത്രനാൾ നീ അതിനെ കൂട്ടിൽ അടച്ചുപരിചരിച്ചു. എന്നാൽ ഞാൻ അതിനെ സ്വതന്ത്രയാക്കി. മനുഷ്യരെപ്പോലെ തന്നെയാണ് ഭൂമിയിലെ എല്ലാ ജീവജാലങ്ങളും. അത്ഭുതമെന്നു പറയട്ടെ എന്റെ അമ്മ ഇത് പറഞ്ഞതിനുശേഷം പൈങ്കിളി ചിറകടിച്ചു പറന്നുയർന്നു.

റെയ റെജിൻ
7B

# ഹൃദയം തുറന്ന് ആകാശം

നിലാവുള്ള രാത്രി അവൾ നഗരത്തിന്റെ പ്രധാന വഴിയിലൂടെ നടന്നു നീങ്ങി.തന്റെ ജീവിതത്തിന് അർത്ഥമില്ല എന്ന് അവൾക്ക് അറിയാമായിരുന്നു. ചെറുപ്പത്തിൽ വീടിനുമുന്നിൽ നിൽക്കുന്ന ഒരു വ്യക്തിയെ ചൂണ്ടിക്കാണിച്ചുകൊണ്ട് അമ്മ എന്നോട് പറഞ്ഞു ഇനിയുള്ള നിൻറെ ജീവിതം ആ മനുഷ്യന്റെ കയ്യിലാണ്. നീ അവർ പറയുന്നത് അനുസരിച്ചു ജീവിക്കണം. ഒരു നിമിഷം ഞാൻ പകച്ചു നിന്നുപോയി കാരണം അമ്മ തന്നെ വിറ്റു എന്ന് അവൾക്ക് ബോധ്യമായി.സ്വന്തം പേര് പോലും അറിയാത്ത അവളുടെ ജീവിതം പിന്നെ സുഖമായി. അവർ അവളെ മറ്റൊരു ഗ്രാമത്തിൽ കൊണ്ടുപോയി. അവളുടെ പേര് 'അടിമ' എന്നാക്കി.അവർ അടിമകളെ പോലെ അവളെ മൃഗീയമായി മർദ്ദിച്ചു.ജീവിതത്തിൽ ഉണ്ടാകുന്ന ഏകാന്ത നിമിഷങ്ങളിൽ അവൾ അവളുടെ അമ്മയെ ആലോചിച്ചു. അമ്മയ്ക്ക് ജീവിക്കുവാൻ പണമില്ലാതിരുന്നതിനാൽ അമ്മ അവളെ വിറ്റു എന്ന് അവൾ ചിന്തിച്ചു.

ഒരു മരണച്ചടങ്ങിൽ പങ്കെടുക്കുവാനായി അവളെ അവർ നാട്ടിൽ തിരികെ കൊണ്ടുവന്നു. വലിയ സ്വത്തുള്ള വീട്ടിലെ ഒരു സ്ത്രീയുടെ മരണാനന്തര ചടങ്ങിൽ പങ്കെടുക്കുവാൻ ആയാണ് അവർ അവളെ അവിടെ എത്തിച്ചത്. മരിച്ചത് ഒരു വലിയ ധനികയായ  സ്ത്രീയായിരുന്നു. അവർ ആരാണ് എന്ന് അറിയാതെ അവൾ ചടങ്ങിൽ പങ്കെടുത്തു. ചടങ്ങിനു ശേഷം അവൾ അവരോട് ചോദിച്ചു എനിക്ക് എന്റെ നാട്ടിൽ തന്നെ തുടരണം.എന്നെ വിട്ടയയ്ക്കുവോ?അവളുടെ ചോദ്യം വെള്ളരിപ്രാവിനെ പോലെയും മൃദുവായിരുന്നു. എങ്കിലും അവളെ അവർ മ ർദ്ധിച്ചുകൊണ്ട് പറഞ്ഞു "ഞങ്ങളുടെ അടിമയെ വിട്ടേക്കുക ഒരു അസാധ്യമായ കാര്യമാണ്. "അവളുടെ കണ്ണുനീർ ഇളനീര് പോലെ വെണ്മയുള്ളതായിരുന്നു.

വർഷങ്ങൾക്കുശേഷം അവൾ ആരും അറിയാതെ അവളുടെ സ്വന്തം വീട്ടിലേക്ക് വരുന്നു.വീട് ഇരുന്ന സ്ഥലത്ത് ഒരു വലിയ ബംഗ്ലാവ് മാത്രം അവശേഷിച്ചിരിക്കുന്നു. അതിനകത്ത് കയറി വലിയ മണിമാളികയിൽ അവൾ കയറിയിട്ടില്ല. അവളുടെ സ്വപ്നത്തിൽ പോലും ചിന്തിച്ചിട്ടുമില്ല.വാതിൽ മുട്ടിക്കൊണ്ട് അവൾ ചോദിച്ചു "ആരെങ്കിലും ഉണ്ടോ?"ഒരു വൃദ്ധൻ അകത്തുനിന്ന് വന്നു. അവളെ കണ്ടതും വാരി പുണർന്നുകൊണ്ട് ചോദിച്ചു എന്റെ മകൾ ഇത്രയും കാലം എവിടെയായിരുന്നു. ചോദ്യത്തിന് മുന്നിൽ ഉത്തരം നൽകാൻ കഴിയാത്ത വിധം അവൾ കണ്ണുനീരിൽ മരവിച്ചു പോയിരുന്നു. വീണ്ടും വൃദ്ധൻ ചോദ്യം ആവർത്തിച്ചു. എന്നിട്ടും അവൾ മൗനം പാലിച്ചു."ഇരുളിനപ്പുറം വെളിച്ചമുണ്ട് എന്ന് അവൾക്ക് അറിയില്ലായിരുന്നു". അവൾ നടന്ന സംഭവം വിവരിച്ചു.വൃദ്ധൻ പറഞ്ഞു ഞാനാണ് നിന്റെ അച്ഛൻ ഒരു വികാരവും കാണാത്ത മുഖവുമായി നിൽക്കുന്ന തന്റെ മകളെ കണ്ട് അച്ഛൻ അമ്പരന്നു പോയി.ഇത് നിന്റെ വീടാണ്.അച്ഛനും ഭൂമിയോട് പറയേണ്ട സമയം അടുത്തപ്പോഴാണ് മകൾ വന്നത്.ഒരു ഇലപൊഴിയുന്ന നേരം കൊണ്ട് അച്ഛനും വിട പറഞ്ഞു.അപ്പോൾ ആ മകൾ വീട്ടിൽ ഒറ്റയ്ക്കാണ്. വീടിന്റെ ഒരു മുറിയിൽ അടച്ചു വച്ചിരിക്കുന്നത് ചിതൽ മൂടിയ ഒരു പുസ്തകം പെട്ടെന്നും ആ മകളുടെ കണ്ണിൽപ്പെട്ടു. അടുത്ത ചെന്ന് തുറന്നതും എല്ലാം ചിതലുകൾ ഭക്ഷിച്ചിരുന്നു ബാക്കി അവശേഷിച്ചത്. ഇത്രമാത്രം "ഇതിനെല്ലാം അവകാശി നീയാണ് നീ മാത്രം കാരണം നിന്നെ കച്ചവടക്കാർക്ക് കൊടുത്തു കൊടുത്തപ്പോൾ കിട്ടിയ ആനുകൂല്യമാണ് നീ എന്ന് കാണുന്നത്."•••••• ഒന്നും തന്നെ ആലോചിക്കാതെ അവൾ ആ പുസ്തകം തന്നെ മാറോട് ചേർത്തുപിടിച്ച് അവിടെയിരുന്നു. കുറച്ചു നിമിഷത്തിനകം മഴ ശക്തിയായി ചിഹ്നം വിളിച്ചു മകളുടെ ദയനീയമായ അവസ്ഥ കണ്ട് ആകാശം ഹൃദയം തുറന്ന് ശക്തമായി കരഞ്ഞു.

Obrimol
9B

# സാധുവും കുറുനരിയും

വളരെ ശാന്തമായ ഒരു ഗ്രാമം ആയിരുന്നു അത്. ഗ്രാമവാസികൾഉപ ജീവനത്തിനായി കൃഷിയെയാണ് ആശ്രയിച്ചിരുന്നത്. അവർ എല്ലാ ദിവസവും വളരെ നേരത്തെ എഴുന്നേറ്റ് ഭക്ഷണം പാകം ചെയ്ത് കൃഷിയിടങ്ങളിൽ ജോലിക്ക് പോകുകയും വൈകുന്നേരങ്ങളിൽ തിരിച്ചു വരികയും ആയിരുന്നു പതിവ്. തിരിച്ചെത്തുമ്പോൾ കുറഞ്ഞത് ഒരു കുടുംബത്തിന്റെ എങ്കിലും ഭക്ഷണപപാ ത്രങ്ങൾ കാലിയായി ഇരിക്കുന്നതാണ് അവർ എന്നും കാണുന്നത്. കള്ളനെ കണ്ടുപിടിക്കുവാൻ അവർക്കായി.

ഗ്രാമവാസികളുടെ ഭക്ഷണം മോഷ്ടിച്ചിരുന്ന കൗശലക്കാരനായ ഒരു കുറുക്കൻ ആയിരുന്നു. കാട്ടിലെ ഏതോ മൃഗമാണ് രഹസ്യമായി വന്ന തങ്ങളുടെ ഭക്ഷണ മോഷ്ടിക്കുന്നതെന്ന് ഗ്രാമവാസികൾ എങ്ങനെയോ മനസ്സിലാക്കി.അങ്ങനെ അവർ ഗ്രാമത്തിനു ചുറ്റും കെണികൾ ഒരുക്കി ക്ഷമയോടെ കാത്തിരുന്നു.

കുറക്കാൻ പതിവുപോലെ ഗ്രാമത്തിൽ എത്തി. അവൻ കെണിയിൽ അകപ്പെട്ടു സകലശക്തിയും ഉപയോഗിച്ച് രക്ഷപ്പെടുവാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല.അപ്പോഴാണ് ആ വഴി ഒരു സന്യാസി വന്നത്. കൗശലക്കാരനായ കുറുക്കൻ താഴ്മയോടെ അപേക്ഷിച്ചു അല്ലയോ മഹാത്മാവേ അവിടുന്ന് നല്ലവനും ഭക്തനും ആണല്ലോ ദയവുചെയ്ത് എന്നെ ഒന്ന് രക്ഷിക്കുമോ സന്യാസി അവനെ സ്വതന്ത്രനാക്കി. സ്വതന്ത്രനായ കുറുക്കൻ വിളിച്ചുകൂവാൻ തുടങ്ങി ഇതാ നിങ്ങളുടെ ഭക്ഷണം കട്ട കള്ളൻ കയ്യോടെ വന്നു പിടിച്ചോ. ഗ്രാമവാസികൾ ഓടി വന്നപ്പോൾ കുറുക്കനെയും പിടിച്ചുകൊണ്ട് നിൽക്കുന്ന സന്യാസിയാണ് കണ്ടത്. ഉടൻതന്നെ യഥാർത്ഥ കള്ളൻ ആരാണെന്ന് അവർക്ക് മനസ്സിലായി. എല്ലാവരും ചേർന്ന് അവനെ അവിടെ നിന്നും അടിച്ചോടിച്ചു. പിന്നീട് അവനെ അവിടെങ്ങും കണ്ടിട്ടില്ല.

**ഗുണപാഠം:ദുഷ്ടതയ്ക്ക് ഒരിക്കലും നേട്ടമില്ല**

## SUCCESS

I dwell so near, yet far from reach,
A truth that hands can never teach.
Like sea and cloud that never meet,
I linger where the sky and ocean greet.

If wisdom guides your heart and pace,
You'll find in me a quiet place—
A gentle shelter, soft and wide,
Where weary souls in peace abide.

The path to me winds high and low,
Through joy’s embrace and sorrow’s flow.
But crave me not with grasp too tight,
Desire may dim my inner light.

Ancy S Jose
9A

## MISTERY

It was the night—the stars took flight,
Peeking through the veil of light.
In that calm and silken mood,
A flawless stillness gently brewed.

Then—sudden change upon the moon,
Its silver face turned ruddy soon.
A voice like thunder split the skies,
And stirred a thought behind my eyes.

Startled, I stood in silent fright—
Could this be marked in ancient rite?
The moon, a puzzle veiled in lore,
A mystery I can't ignore.

Like poison cloaked in beauty's grace,
It haunts the heavens, hides its face.

Yasitha Y
XB

# MY WORLD

My mother—my first gentle guide,
With love and truth she walked beside.
My father—hands upon the wheel,
Drove my world with strength and zeal.

My brother—partner in childhood schemes,
Shared the mischief, laughs, and dreams.
My home—a heaven, warm and wide,
Where peace and comfort both reside.

My friends—the light that paints my days,
In laughter's glow and youthful ways.
And teachers, kind with guiding grace,
A second mother in learning's place.

I grew like a tree, strong and free,
And now I say—I am that tree.
With roots in love, both firm and deep—
My father's strength, my mother's keep.

Their care, like rain, each day bestowed,
While knowledge was the stream that flowed.
And love—the sun that lit the sky,
Helping my soul to stretch and fly.

Harsha
9 A

# इंतज़ार का फल मीठा होता है।

एक गाँव में एक पापा और उनका लड़का  जीता था  । उस लड़के को अपना माँ नही था |क्योंकि वह एक  दुर्घटना में मर गयी थी | उस लड़के का नाम निकिल था| निकिल अच्छी तरह से पढ़ता था |

जब निकिल दसवीं कक्षा में पढ़ता था, तब उसने अपना सपना पापा से कहा-  " पापा अगर   मुझे   दस ए प्लस  मिल गया तो आप मुझे एक कार खरीद देंगे?"  |पापा मुस्कुराते हुए कहा   । हाँ,  बेटा ज़रूर  । निकिल का  परीक्षा  खतम  हो गया ।  दो महीने के बाद रिसल्ट आया| तो निकिल को दस ए  प्लस मिल गया । तो उसने अपने पापा से उसका कार देने केलिए कहा |उस समय पिता ने एक किताब उसके हाथ में  दे दिया । किताब देखकर निकिल को गुस्सा आया । क्योंकि  वह अपने पापा से एक कार माँगा था |गुस्से में  उसने अपना घर से बाहर चला गया |

कुछ दिनों से वह अपने घर में न आया था । कुछ दिनों बाद उसे एक खबर  मिला | उसका पापा मर  गया था । वह जल्दी घर पहुँचा और किताब खोलकर  देखा तो उस किताब  के अंदर उस कार का  चाबी था | उसे देखकर  निकिल रोने लगा |उसे अपना पापा का याद आ गया |

ANUSHKA
9A

# प्रकृति का उपहार

एक समय की बात है, एक छोटा सा गाँव था। हरियाली से घिरा हुआ, पक्षियों की चहचहाहट से गूंजता था । वहाँ एक बच्चा रहता था, उसका नाम आरव था। आरव को मोबाइल और टीवी से ज्यादा पेड़ों के साथ खेलना पसंद था। हर सुबह वो बगीचा के पौधों को पानी देता है।

एक दिन सुबह जब आँख जगा तो उसने देखा कि उसके गाँव में केवल वह ही पौधों का पालन–पोषण करता था और अन्य लोगों की पौधों में कोई दिलचस्पी नहीं थी। इसलिए उन्होंने इस प्रकृति का उपहार विषय पर एक कार्यक्रम आयोजित करने का निर्णय लिया। अगले दिन ही उसने एक पोस्टर बनाया और गाँव में सभी को सूचित किया। आरव को पता था कि कोई भी कार्यक्रम में नहीं आएग इसलिए उसने कार्यक्रम के लिए एक प्रसिद्ध अभिनेता को आमंत्रित किया । और गांव की सभी लोग कार्यक्रम में आए और आरव खुश हुआ और सभी के लिए एक छोटा सा भाषण प्रस्तुत किया । तब गाँव के सभी लोगों ने 'प्रकृति के महत्व ' समझा और अपने घरों में हर रोज एक बीज लगाने और उनका उचित पालन–पोषण करने का निर्णय लिया।

अगले दिन से गाँव के सभी लोगों ने आरव कहने के अनुसार काम किया और कुछ महीनों बाद उनका गाँव पौधों से भर गया /

नीति : प्रकृति का सम्मान करो, वह जीवन का आधार है।

नथान पास्कल
8A

# कविता

## प्रकृति का गीत

हरियाली की चादर ओढ़े,
धरती मुस्काए प्यारी ।
नदियाँ गाती मधुर सुरों में,
जैसे हो कोई फुलवारी ।

पेड़ो की वो ठंडी छाया,
संग पवन की मीठी बात ।
पक्षी करते सुबह – सवेरे,
संगीतमय शुरुआत ।
सूरज की सुनहरी किरणें,
बिखरे सोना हर दिशा।
चाँदनी रातें कहती है,
प्रकृति है सच्ची आशा।

नथान पास्कल
8A

## गर्मी के दिन आते है

गर्मी के दिन आते है |
हमको बहुत सताते है |

कहाँ खेलने जाय हम ?
पार्क में भी गर्मी धूप आते है|

खेल का मैदान गरम
लू को आती नहीं शरम

कहाँ चैन न पाते है |
मन ही मन झुँझलाते है |

छुट्टियाँ और गर्मी का मौसम
एक साथ आते है

ये सब सूर्य के कारण |

रोजी रंजित
7C